"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്-മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-കോവിഡ്-19 രണ്ടാം തരംഗത്തിൻ്റെ പശ്ചാത്തലത്തിൽ കരാർ കാലാവധി അവസാനിക്കുന്ന കരാർ ജീവനക്കാരെ നടപ്പ് സാമ്പത്തിക വർഷം മുഴുവൻ സേവനത്തിൽ തുടരാൻ അനുവാദം നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1149/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 15/06/2021

---

പരാമർശം:- 1 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 08.06.2021-ലെ 2165/EGS C/17/REGS നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ ദരിദ്ര ജനവിഭാഗങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ വലിയ തോതിൽ ഏറ്റെടുക്കുന്നതിനും, കഴിഞ്ഞ സാമ്പത്തിക വർഷം 10 കോടിയിലധികം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിലും താഴെത്തട്ടിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാരുടെ പ്രവർത്തനം മുതൽക്കൂട്ടായിട്ടുണ്ട്. കോവിഡ്-19 രണ്ടാം തരംഗം സൃഷ്ടിച്ചിട്ടുള്ള സാമ്പത്തിക ആഘാതം മറികടക്കുന്നതിലേക്കായി നടപ്പ് വർഷവും പദ്ധതിയ്ക്ക് കീഴിൽ ഊർജ്ജിതമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. ഇതിൽ മേൽ പറഞ്ഞ ജീവനക്കാരുടെ പങ്ക് നിർണ്ണായകമാണ്.

2. ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിലുള്ള കരാർ ജീവനക്കാരുടെ നിയമനാധികാരം പൂർണ്ണമായും അതാത് പഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്. കോവിഡ്-19 രോഗവ്യാപനത്തിന്റെ രണ്ടാം തരംഗം രൂക്ഷമായ ഈ ഘട്ടത്തിൽ തൊഴിൽ മേഖലകൾ പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിലും സംസ്ഥാനത്തെ പഞ്ചായത്ത് ഭരണ സമിതികൾ വിവിധ കാരണങ്ങൾ ചൂണ്ടിക്കാട്ടി കരാർ ജീവനക്കാരെ പിരിച്ചുവിടുന്ന സാഹചര്യം നിലവിലുണ്ടെന്നും ഇത് പദ്ധതിക്കു കീഴിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ മനോവീര്യം തകർക്കുന്നതിനും ആയത് പദ്ധതി പ്രവർത്തനത്തെ ഗുരുതരമായി ബാധിക്കുന്നതിനും കാരണമാകുന്നുണ്ട് എന്നതിനാൽ, സംസ്ഥാനം കോവിഡ് പ്രതിസന്ധിയിൽ നിന്നും പൂർണ്ണമായും കരകയറുന്നത് വരെയോ അല്ലെങ്കിൽ നടപ്പ് സാമ്പത്തിക വർഷം പൂർത്തിയാകുന്നത് വരെയോ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ നിലവിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാരെ സേവനത്തിൽ തുടരാൻ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശ കത്ത് പ്രകാരം മിഷൻ ഡയറക്ടർ

അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. നിലവിലുള്ള സാഹചര്യത്തിൽ മിഷൻ ഡയറക്ടറുടെ അഭ്യർത്ഥന ന്യായയുക്തവും പരിഗണനാർഹവുമാണെന്ന് കാണുന്നു. മേൽ സാഹചര്യത്തിൽ, സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട് നിലവിൽ ജോലിചെയ്തുവരുന്ന ജീവനക്കാരിൽ 2022 മാർച്ച് 31-നു മുൻപായി കരാർ കാലാവധി അവസാനിക്കുന്ന എല്ലാ ജീവനക്കാരെയും 2022 മാർച്ച് 31 വരെ സേവനത്തിൽ തുടരാൻ അനുവദിക്കേണ്ടതാണെന്ന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

പകർപ്പ്

മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡൻ്റ് / സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻ്റ് / സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

എല്ലാ ജില്ലാ കലക്ടർമാർക്കും

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by Nisam N
Date: 15-06-2021 16:58:07
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.തദ്ദേശ സ്വയംഭരണ, ഗ്രാമവികസന എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്